സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പിഒ തിരുവനന്തപുരം 695003

ഫോൺ. 0471 2314288 ഫാക്സ് 0471 2315156 ഇ മെയിൽ. dcotdb@gmail.com

കൊല്ലവർഷം 1195-ലെ ശബരിമല മണ്ഡലം-മകരവിളക്ക് മേടവിഷു, മാസപൂജ എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് പമ്പ ദേവസ്വത്തിലേക്ക് കെട്ടുനിറയ്ക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ.

## നിബന്ധനകൾ

1. പമ്പ ദേവസ്വത്തിലേക്ക് കെട്ട് നിറയ്ക്ക് ആവശ്യമായ സാധനങ്ങളുടെ അളവ് പ്രത്യേക ലിസ്റ്റായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ആയതിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ക്രമമാണ് തുക ക്വാട്ട് ചെയ്യേണ്ടത്.

2. ആവശ്യമായ സാധനങ്ങളുടെ അളവ് / തൂക്കം/ എണ്ണം എന്നിവയും പ്രത്യേകം നോട്ടിഫിക്കേഷനായി ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈ ഒഴിവാക്കുന്നതിനോ അളവ് /എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യുന്നതിനോ നിർദ്ദേശിക്കുവാൻ ദേവസ്വം ബോർഡിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതിന് ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാംതരത്തിലുള്ളവ ആയിരിക്കണം. ഒന്നാംതരത്തിലുള്ളതല്ലാത്ത സാധനങ്ങൾ ടെൻഡറുകാരൻ ഹാജരാക്കുകയും ഒഴിച്ചു കൂടാൻ പറ്റാത്ത ഏതെങ്കിലും സാഹചര്യത്തിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അതിന്മേൽ പരാതിപ്പെടാൻ ടിയാന് അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൽ വച്ച് ദേവസ്വം ബോർഡിനുണ്ടാകുന്ന നഷ്ടം ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ ടെൻഡർകാരന് ആയതിന് അവകാശമില്ലാത്തതുമാകുന്നു.

3. ഇ-ടെൻഡറുകൾ 17-09-2018 വൈകുന്നേരം 5.00 .മണിയ്ക്ക് മുമ്പായി www.keralaetenders.gov.in മുഖേന സമർപ്പിക്കേണ്ടതാണ്.

4. ടെൻഡറിനൊപ്പം 25,000/- രൂപ നിരതദ്രവ്യം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. ടെൻഡർ 19.09.2018- പകൽ 11.00 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് പരിശോധിക്കുന്നതാണ്.

6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കും. സാധനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നികുതി സർക്കാരിലേക്ക് നൽകേണ്ടതുള്ള പക്ഷം ആയത് കുത്തകക്കാരന്റെ പൂർണ്ണ ഉത്തരവാദിതത്തിലും ബാദ്ധ്യതയിലുമാകണം.

8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1195-ലെ ഉത്സവങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.

9. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.

10. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് ഏഴ് ദിവസങ്ങൾക്കകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടി വച്ച് ഐറ്റങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കു ന്നതുമാണ്.

11. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ബോർഡിൽ അവകാശമുള്ളതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

12. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

13. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്/വ്യക്തിക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാണ്.

14. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

15. ആവശ്യമായ സാധനങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പമ്പ ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.

16. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്റെ പ്രതിനിധി കുത്തക അവകാശം ലഭിച്ച് ഏഴ് ദിവസത്തിനകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാങ്ക്ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.

ആർ.ഒ.സി. 41/19/ശബ
03.09.2019

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.41/19/SAB

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
03/09/2019

## പമ്പയിൽ കെട്ട് നിറയ്ക്കുന്നതിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കുള്ള ഇ-ടെൻഡർ പരസ്യം,

കൊല്ലവർഷം 1195 വൃശ്ചികം 1 മുതൽ 1195 തുലാം 30 വരെയുള്ള കാലയളവിലേയ്ക്ക് പമ്പ ദേവസ്വത്തിൽ അയ്യപ്പഭക്തർക്ക് കെട്ട് നിറയ്ക്കുന്നതി നാവശ്യമായ സാധനങ്ങൾ സപ്ളൈ ചെയ്യുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുന്നു, ടെൻഡർ ഓൺലൈൻ ആയി 17-09-2019 വൈകുന്നേരം 05.00 മണിക്കു മുമ്പായി www.etenderskerala.gov.in മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ടെൻഡർ 19-09-2019 പകൽ 11.00 തിരുവനന്തപുരത്തുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ച് പരിശോധിക്കുന്നതാണ്.

കരാറുകാരൻ ലഭ്യമാക്കേണ്ട സാധനങ്ങളുടെ അളവ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിന് ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതും, അതനുസരിച്ച് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പ്രകാരം സപ്ളൈ ചെയ്യുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ടെൻഡറിനൊപ്പം 25,000/- രൂപയുടെ ഇ.എം.ഡി ഓൺലൈൻ ആയി ഹാജരാക്കേണ്ടതാണ്.

ചുവടെ വിവരിക്കുന്ന സാധനങ്ങൾ ഉദ്ദേശ അളവ് ആവശ്യാനുസരണം ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ പായ്ക്കറ്റുകളി ലാക്കിയാണ് പമ്പ സ്റ്റോറിൽ ലഭ്യമാക്കേണ്ടത് . യാതൊരു കാരണവശാലും പ്ളാസ്റ്റിക്ക് സാധനങ്ങൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. കെട്ട് നിറയ്ക്കായി സപ്ളൈ ചെയ്യുന്ന നെയ്യ് ഭക്ഷ്യാസുരക്ഷാമാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടുള്ളതായിരിക്കണം ,അ1/S.ഗ.ഇ/ ങശഹാമ എന്നീ കമ്പനികളുടെ അമാർക്ക് നെയ്യ് മാത്രമേ സപ്ലൈ ചെയ്യുവാൻ പാടുള്ളൂ. പമ്പാ ദേവസ്വത്തിൽ കെട്ട് നിറയ്ക്ക് ആവശ്യമായ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നംപർ | ഐറ്റം | എണ്ണം/അളവ് | റിമാർക്സ് |
|---|---|---|---|
| 1 | ഇരുമുടി സഞ്ചി | 1,00,000 എണ്ണം | ഇരുമുടി സഞ്ചി ഒന്ന്, നെയ്യ് 100 മില്ലിലിറ്റർ,മലർ 50 ഗ്രാം, മഞ്ഞൾപ്പൊടി 10-ഗ്രാം ഉണക്കലരി 300 ഗ്രാം, കോർക്ക് ഒന്ന് ,കർപ്പൂരം 5 ഗ്രാമിന്റെ ഒരു പാക്കറ്റ് എന്നിവ ഒരു കിറ്റിലാക്കിവേണം സപ്ലൈ ചെയ്യുവാൻ. |
| 2 | ചെറിയസഞ്ചി | 1,00,000 എണ്ണം | |
| 3 | നാളികേരം (100 മില്ലി ലിറ്റർ നെയ്യ് നിറയ്ക്കുവാൻ കഴിയുന്നത്) | 3,00,000 എണ്ണം | |
| 4 | നെയ്യ് | 10,000 ലിറ്റർ | |
| 5 | മലർ | 5000 ലിറ്റർ | |
| 6 | മഞ്ഞൾപ്പൊടി | 1000 കി.ഗ്രാം | |
| 7 | ഉണക്കലരി | 30,000 കി.ഗ്രാം | |
| 8 | കോർക്ക് | 1,00,000 എണ്ണം | |
| 9 | കർപ്പൂരം | 1,00,000 പായ്ക്കറ്റ് | |
| 10 | വാക്സ്(50 ഗ്രാം | 1,000 കിലോ | |

| | | | |
|---|---|---|---|
| | അളവിൽ) | ഗ്രാം | |

ഇരുമുടി സഞ്ചി ഒന്ന്, ചെറിയ സഞ്ചി ഒന്ന്, നാളികേരം 3 ,നെയ്യ് 100 മില്ലിലിറ്റർ, മലർ 50 ഗ്രാം, മഞ്ഞൾപ്പൊടി 10-ഗ്രാം, ഉണക്കലരി 300 ഗ്രാം, കോർക്ക് ഒന്ന്, കർപ്പൂരം 5 ഗ്രാമിന്റെ ഒരു പാക്കറ്റ് എന്നിവയാണ് ഒരു കെട്ടുനിറയ്ക്ക് ആവശ്യമായ സാധനങ്ങൾ. ഒരു കെട്ടുനിറയ്ക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുക എന്ന ക്രമമാണ് തുക ക്വോട്ട് ചെയ്യേണ്ടത്.

മേൽ വിവരിച്ചതിൽ 2,00,000 നാളികേരവും മറ്റ് ഐറ്റങ്ങളുടെ 1/4 അളവും 2019 നവംബർ 05 ന് മുമ്പായി പമ്പ സ്റ്റോറിൽ എത്തിക്കേണ്ടതാണ്. ബാക്കി അളവ് എക്സിക്യൂട്ടീവ് ആഫീസറുടെ നിർദേശാനുസരണം ഉടമ്പടി കാലാവധിക്കകം സപ്ളെ ചെയ്യേണ്ടതാണ്. കുത്തക ലഭിക്കുന്നവർ അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഒരു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി ഹാജരാക്കി എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി ഈ ആഫീസിലോ (0471-2314288) ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ആഫീസിലോ (04735-202026) ബന്ധപ്പെടേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

ദേവസ്വം കമ്മീഷണർ